# 70

കണ്ണുനീർ താഴ്വരയിൽ ഞാനേറം വലഞ്ഞിടുമ്പോൾ
കണ്ണുനീർ കണ്ടവനെൻ കാര്യം നടത്തിത്തരും

നിൻമനം ഇളകാതെ നിൻമനം പതറാതെ
നിന്നോടു കൂടെയെന്നും ഞാനുണ്ട് അന്ത്യം വരെ

കൂരിരുൾ പാതയതോ ക്രൂരമാം ശോധനയോ
കൂടിടും നേരമതിൽ ക്രൂശിൻ നിഴൽ നിനക്കായ്
നിൻമനം

തീച്ചൂള സിംഹക്കുഴി പൊട്ടക്കിണർ മരുഭൂ
ജയിലറ ഈർച്ചവാളോ മരണമോ വന്നിടട്ടെ നിൻമനം

കാലങ്ങൾ കാത്തിടണോ കാന്താ നിൻ ആഗമനം
കഷ്ടത തീർന്നിടുവാൻ കാലങ്ങൾ ഏറെയില്ല നിൻമനം

ദാഹിച്ചു വലഞ്ഞു ഞാൻ ഭാരത്താൽ കേണിടുമ്പോൾ
ദാഹം ശമിപ്പിച്ചവൻ ദാഹജലം തരുമേ നിൻമനം

ചെങ്കടൽ തീരമതിൽ തൻ ദാസർ കേണതുപോൽ
ചങ്കിനു നേരെ വരും വൻ ഭാരം മാറിപ്പോകും. നിൻമനം